(സി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രന്ഥശാലകൾക്ക് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽവഴി ഗ്രാന്റ് നൽകിവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമീണ ഗ്രന്ഥശാലകളിലെ ലൈബ്രേറിയന്മാർക്ക് നൽകിവരുന്ന ഗ്രാന്റ് പരിഷ്കരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ആർട്സ് & സയൻസ്, ടെയിനിംഗ് കോളേജുകൾ

6 (2458) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ആർട്സ് & സയൻസ്, ടെയിനിംഗ് കോളേജുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ സർക്കാർ കോളേജുകൾ അനുവദിച്ചുവെന്ന് ജില്ല തിരിച്ച് പറയാമോ ; പുതുതായി അനുവദിച്ച കോളേജുകളിലെ കോഴ്സുകളും വിഷയങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ കോളേജിനും അനുവദിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ ഏതൊക്കെയെന്നും എത്രയെണ്ണം എന്നും പറയാമോ ;

(ഡി) സർക്കാർ ആർട്സ് & സയൻസ്, ടെയിനിംഗ് കോളേജുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പള ബിൽ ഒപ്പിടുന്നതിന് അധികാരമുള്ള ഗസറ്റഡ് തസ്തിക ഏതൊക്കെ കോളേജുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിനായി അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത തസ്തിക ഇല്ലാത്ത സർക്കാർ കോളേജുകൾ ഏതൊക്കെ ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഗസറ്റഡ് തസ്തിക അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച കോളേജുകളിൽ പോലും മിനിസ്റ്റീരിയൽ വിഭാഗത്തിന് ഗസറ്റഡ് തസ്തിക അനുവദിച്ചപ്പോൾ കോട്ടയം ഗവൺമെന്റ് കോളേജ് പോലെയുള്ള പഴയ കോളേജുകളിൽ പ്രസ്തുത തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ടാണ് ; ഇവിടെ പ്രസ്തുത തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്പോൾ പ്രസ്തുത ഗസറ്റഡ് തസ്തിക ഇല്ലാത്ത എല്ലാ സർക്കാർ ആർട്സ് സയൻസ് കോളേജുകളിലും പ്രസ്തുത തസ്തിക അനുവദിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(ബി &സി) വിശദ വിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. *

(ഡി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പള.ബിൽ ഒപ്പിടുന്നതിന് അധികാരമുള്ള ഗസറ്റഡ് തസ്തിക അനുവദിച്ചിട്ടുള്ള കോളേജുകളുടെ പേരുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

1. സർക്കാർ വനിതാ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), തിരുവനന്തപുരം
2. യൂണിവേഴ്സിറ്റി കോളേജ്(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), തിരുവനന്തപുരം
3. സ്വാതിതിരുനാൾ കോളേജ് ഓഫ് മ്യൂസിക് - (സീനിയർ സൂപ്രണ്ട്), തിരുവനന്തപുരം
4. സർക്കാർ ലോ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്),തിരുവനന്തപുരം
5. മഹാരാജാസ് കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), എറണാകുളം
6. രാധാലക്ഷ്മി വിലാസം മ്യൂസിക് & ഫൈൻ ആർട്സ് കോളേജ്, തൃപ്പൂണിത്തുറ - (സീനിയർ സൂപ്രണ്ട്) എറണാകുളം
7. സർക്കാർ ലോ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), എറണാകുളം
8. സർക്കാർ ലോ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്), തൃശ്ശൂർ
9. ചെമ്പൈ മെമ്മോറിയൽ സർക്കാർ മ്യൂസിക് കോളേജ് - (സീനിയർ സൂപ്രണ്ട്) പാലക്കാട്
10. സർക്കാർ ലോ കോളേജ് - (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്),കോഴിക്കോട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (സി) * ആയി ചേർത്തിരിക്കുന്നു. ഗസറ്റഡ് തസ്തിക അനുവദിക്കുന്നതിലേയ്ക്കായി നിലവിൽ മാനദണ്ഡം ഇല്ലായെന്ന് കാണുന്നു.

(ഇ) പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും വേർപെടുത്തുന്നതിനുമുമ്പ് കോട്ടയം സർക്കാർ കോളേജിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് തസ്തികയും രണ്ട് ജൂനിയർ സൂപ്രണ്ട് തസ്തികയും സൂപ്പർവൈസറി തസ്തികകളായി ഉണ്ടായിരുന്നു. എന്നാൽ പ്രീഡിഗ്രി കോളേജിൽ നിന്ന് വേർപ്പെടുത്തിയതിനെത്തുടർന്ന് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവു കാരണം ഈ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് തസ്തികയും ഒരു ജൂനിയർ സൂപ്രണ്ട് തസ്തികയും നിർത്തലാക്കുകയും ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക മാത്രം നിലനിർത്തുകയും ചെയ്തുകയുണ്ടായി.

കോളേജിൽ സൂപ്പർ വൈസറി തസ്തികയായി ഒരു സീനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(എഫ്) ഇപ്പോൾ പ്രൊപ്പോസലുകൾ ഒന്നും പരിഗണനയിലില്ല.

സ്വയംഭരണ കോളേജുകൾ

7 (2459) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ എത്ര സ്വയംഭരണ കോളേജുകൾ അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) സ്വയംഭരണ കോളേജുകൾ അനുവദിക്കുകവഴി ലക്ഷ്യമിടുന്നത് എന്താണ് ; ഇതുകൊണ്ട് സർക്കാരിനും സമൂഹത്തിനും എന്തൊക്കെ പ്രയോജനങ്ങളാണ് ലഭിക്കുക ;

(സി) സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉള്ളതെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഒരു സർക്കാർ കോളേജിനും 10 എയ്ഡഡ് കോളേജുകൾക്കുമാണ് യു.ജി.സി. സ്വയംഭരണാവകാശം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly